പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4485 — 28.06.2012 -ലെ മറുപടിക്ക്

# അങ്കമാലി ബൈപ്പാസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്ത് വകുപ്പ് മന്ത്രി) | |
| (എ). | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം ; വിശദമാക്കാമോ ; | (എ). | അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 31.03.12-ൽ ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു മീറ്റിംഗ് കൂടുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ അങ്കമാലി ബൈപ്പാസ് പദ്ധതിയുടെ നടത്തിപ്പിനായി ആർ.ബി.ഡി.സി.കെ.-യെ നോഡൽ ഏജൻസിയായി നിശ്ചയിച്ചു. 3.20 കി.മീ. നീളത്തിൽ 257 കോടി രൂപ ചെലവിൽ ബൈപ്പാസ് നിർമ്മിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ 22.05.12-ൽ ആർ.ബി.ഡി.സി.കെ. സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയുമാണ്. |
| (ബി). | പൊതുമരാമത്ത് വകുപ്പിന്റെ 4988/ഡി/പി.ഡബ്ള്യൂ.ഡി/2010 നമ്പർ ഫയലിൽ അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ ; | (ബി). | 17.02.2010-ൽ അന്നത്തെ ഗതാഗത വകുപ്പ് മന്ത്രി അങ്കമാലി എൻ..എച്ച്. ബൈപ്പാസ് നിർമ്മിക്കുന്നതിന് 30 കോടി രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കണമെന്നാവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പ് മന്ത്രിക്ക് കത്ത് നൽകുകയും ആയതിന്മേൽ 4988/ഡി.3/2010/പൊ.മ.വ. നമ്പരിൽ 27.02.2010-ന് ഫയൽ ആരംഭിച്ചുവെങ്കിലും തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. |

| | | | |
|---|---|---|---|
| (സി). | **കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത നിർമ്മാണ പ്രവർത്തന ങ്ങൾക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?** | (സി). | 10.02.2011-ൽ മുൻ ധനകാര്യ മന്ത്രി സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിലെ 12-ാം പേജിൽ 23-ാം നമ്പരായി 1000 കോടി രൂപയുടെ ഒരു ബൈപ്പാസ് പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഇതിൽ അങ്കമാലി ബൈപ്പാസും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പുതിയ സർക്കാർ 08.07.2011-ൽ സഭയിൽ അവതരിപ്പിച്ച പുതുക്കിയ 2011-12 ബഡ്ജറ്റിൽ ഇക്കാര്യത്തിന് തുക വകയിരുത്തിയിട്ടില്ലായിരുന്നു. |

Sd/-

**സെക്ഷൻ ഓഫീസർ**